"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - മൂവാറ്റുപുഴ പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ്‌റ് (കെഎഎസ്) തസ്തികയുടെ പൂർണ അധിക ചുമതല വഹിച്ച MVIP Division No. 3 - ലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറായ ശ്രീ. സുരേഷ് ആന്റണി - ക്ക് ചാർജ് അലവൻസ് അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.57/2026/GAD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 702/2023/ധന, തീയതി 26.01.2023.

2. ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) -ന്റെ 01.08.2025-ലെ CEIA/3899/2025-B1 നമ്പർ കത്ത്.

3. സ.ഉ.(സാധാ) നം.4169/2025/പൊഭവ, തീയതി 25.09.2025.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, മൂവാറ്റുപുഴ പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് (കെഎഎസ്) തസ്തികയുടെ പൂർണ്ണ അധിക ചുമതല MVIP Division No. 3 ലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറായിരുന്ന ശ്രീ. സുരേഷ് ആന്റണിയ്ക്ക് നൽകി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. സുരേഷ് ആന്റണിക്ക് പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന 01.02.2025 മുതൽ 01.07.2025 വരെയുള്ള കാലയളവിലേക്ക് ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവാകണമെന്ന് ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) പരാമർശം (2) പ്രകാരം സർക്കാരിലേക്ക് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് മൂവാറ്റുപുഴ പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് (കെഎഎസ്) തസ്തികയുടെ പൂർണ്ണ അധിക ചുമതല, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറായിരുന്ന ശ്രീ. സുരേഷ് ആന്റണിയ്ക്ക് നൽകിയ നടപടിയ്ക്ക് പരാമർശം (3) പ്രകാരം സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർവീസ് ചട്ടങ്ങൾ ഭാഗം. I, ചട്ടങ്ങൾ 53 (b) (2) [as amended vide G.O(P) No 88/2017/Fin dated 11.07.2017], 53 A II (C), 53 (c) എന്നിവ പ്രകാരം ശ്രീ. സുരേഷ് ആന്റണിയ്ക്ക് അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4 % എന്ന നിരക്കിൽ 01.02.2023 മുതൽ പരമാവധി മൂന്നു മാസക്കാലയളവിലേയ്ക്ക് പരിമിതപ്പെടുത്തി ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്രലേഖ കെ കെ കെ എ എസ്

അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്റ്റ് സർക്കിൾ, മൂവാറ്റുപുഴ (ചീഫ് എഞ്ചിനീയർ (ഐ&എ) മുഖേന).
അക്കൗണ്ട്സ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (31.12.2025-ലെ E.32690805-EXP-A2/523/2025-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം).
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 06-01-2026 15:30:32